പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6111 — 07.07.2014- ൽ മറുപടിക്ക്

വൃദ്ധ സദനങ്ങൾ

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര വൃദ്ധ സദനങ്ങൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ സർക്കാർ അംഗീകാരമുള്ളവ എത്രയാണ്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 15 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ വികലാംഗ വൃദ്ധസദനങ്ങളായാണ് പ്രവർത്തിക്കുന്നത്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന 518 വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരം വൃദ്ധസദനങ്ങൾക്ക് സർക്കാർ പ്രഖ്യാപിത ആനുകൂല്യങ്ങൾ എന്തെല്ലാമാണ് നൽകുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | • അന്തേവാസികൾക്ക് ബി.പി.എൽ നിരക്കിൽ റേഷൻ അനുവദിച്ചിട്ടുണ്ട്.<br>• മാസത്തിലൊരിക്കലെങ്കിലും സമീപത്തുള്ള മെഡിക്കൽ ഓഫീസറുടെ സേവനം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>• ഓരോ സ്ഥാപനത്തിനും 12 സിലിണ്ടർ ഗ്യാസ് വീതം ഗാർഹിക നിരക്കിൽ പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്.<br>• അംഗീകാരം ഉള്ളതിൽ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വൃദ്ധസദനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു. അന്തേവാസികളുടെ സംരക്ഷണത്തിനായി ഒരാൾക്ക് പ്രതിമാസം 700/- രൂപയാണ് നൽകുന്നത്. നടപ്പ വർഷത്തെ ബഡ്ജറ്റിൽ ഇത് 1000/- രൂപയായി ഉയർത്തി പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വൃദ്ധസദനങ്ങളിൽ നില വിൽ എത്ര വൃദ്ധജനങ്ങൾ പാർക്കുന്നു; ഇതിൽ സർക്കാർ/ സർക്കാർ ഇതര വൃദ്ധസദനങ്ങൾ എത്രവീത മെന്ന് വ്യക്തമാക്കുമോ; | (സി) | (എ)യുടെ അനുബന്ധത്തിൽ വിശദമാക്കി യിട്ടുണ്ട്. |
| (ഡി) | ചില കുടുംബങ്ങളിലെ മക്കൾ മാതാപിതാക്കളെ തെരു വിൽ കൊണ്ടുവിടുന്നതും, ആശുപത്രികളിലോ തീർ ത്ഥാടന കേന്ദ്രങ്ങളിലോ എത്തിച്ചേ ശേഷം ഉപേക്ഷി ക്കുന്നതും ശ്രദ്ധയിൽ പ്പെട്ടുവോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം ഇത്തര ത്തിലുള്ള എത്ര വൃദ്ധജ നങ്ങളെ വൃദ്ധസദനങ്ങളിൽ എത്തിച്ചു; വ്യക്തമാക്കുമോ; | (ഇ) | സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിൽ ഭൂരിഭാഗം അന്തേ വാസികളും സ്വമനസാലേ പ്രവേശനം തേടുന്നവരാണ്. ആശുപത്രി, പോലീസ് മുതലായ അധികാരികൾ എത്തിക്കുന്ന വൃദ്ധജനങ്ങളും ഈ സ്ഥാപനങ്ങളിൽ താമസിക്കുന്നുണ്ട്. ഇപ്രകാരം വൃദ്ധസദന ങ്ങളിൽ എത്തിച്ചവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (എഫ്) | വൃദ്ധരെ തെരുവിൽ ഉപേ ക്ഷിക്കുന്നവർക്കെതിരെ സർ ക്കാർ എന്തെല്ലാം നിയമനട പടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ ഫ്) ഉം (ജി) യും | മാതാപിതാക്കളുടെയും മുതിർന്ന പൗരൻ മാരുടെയും ക്ഷേമം സംബന്ധിച്ച 2007 ലെ ആക്ട് പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആയതു പ്രകാരം എല്ലാ ജില്ലകളിലും റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മെയ്ന്റ നൻസ് ട്രിബ്യൂണലുകളും ജില്ലാ കളക്ടർ മാരുടെ നേതൃത്വത്തിൽ അപ്പലേറ്റ് ട്രിബ്യൂണ ലുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ജി) | നിലവിലുള്ള നിയമ വകുപ്പു കൾക്ക് പുറമെ കർശന മായതും ജാമ്യം കിട്ടാത്ത തുമായ മറ്റു വകുപ്പുകളും കൂടി ചേർത്ത് ഈ പ്രവണത അവസാനിപ്പിക്കാൻ അടി യന്തിര നടപടികൾ സ്വീക രിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | ജില്ല | സർക്കാർ വൃദ്ധസദനങ്ങൾ | സർക്കാർ വൃദ്ധ സദനങ്ങളിലുള്ള അന്തേവാസികളുടെ എണ്ണം | OCB അംഗീകാരമുള്ള സ്ഥാപനങ്ങൾ | അന്തേവാസികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 169 | 44 | 1071 |
| 2 | കൊല്ലം | 1 | 74 | 17 | 1603 |
| 3 | പത്തനംതിട്ട | 1 | 24 | 24 | 768 |
| 4 | ആലപ്പുഴ | 1 | 23 | 25 | 806 |
| 5 | കോട്ടയം | 1 | 23 | 81 | 4312 |
| 6 | ഇടുക്കി | 1 | 73 | 27 | 1289 |
| 7 | എറണാകുളം | 1 | 30 | 114 | 3101 |
| 8 | തൃശ്ശൂർ | 1 | 85 | 70 | 2285 |
| 9 | പാലക്കാട് | 1 | 22 | 22 | 2512 |
| 10 | മലപ്പുറം | 1 | 67 | 6 | 162 |
| 11 | കോഴിക്കോട് | 1 | 62 | 20 | 629 |
| 12 | വയനാട് | 1 | 30 | 20 | 388 |
| 13 | കണ്ണൂർ | 1 | 65 | 38 | 1409 |
| 14 | കാസർഗോഡ് | 1 | 49 | 10 | 351 |
| TOTAL | | 15 | 771 | 518 | 20686 |

സെക്ഷൻ ഓഫീസർ